"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - മഞ്ചേരി- നിലമ്പൂർ റോഡ് വീതി കൂട്ടുന്നതിന് സ്ഥലം സൗജന്യമായി വിട്ടുകൊടുത്തവരുടെ ശേഷിക്കുന്ന സ്ഥലത്തെ നിർമ്മാണത്തിന് ഇളവുകൾ നൽകുന്നതിന് കെ.എം.ബി.ആർ 2019 ചട്ടം 65 പ്രകാരം സ്പെഷ്യൽ കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ആർ ബി) വകുപ്പ്

സ.ഉ.(സാധാ) നം.1799/2023/LSGD തീയതി,തിരുവനന്തപുരം, 11-09-2023

പരാമർശം:-

1. മഞ്ചേരി നഗരസഭ കൗൺസിലിന്റെ 17.06.2023 ലെ 17-ാം നമ്പർ തീരുമാനം.
2. മഞ്ചേരി നഗരസഭ സെക്രട്ടറിയുടെ 06.07.2023 ലെ E1-12885/23 നമ്പർ കത്ത്.
3. ചീഫ് ടൗൺ പ്ലാനറുടെ 15/08/2023 ലെ LSGD/PD/47772/2023-TCPB2 നമ്പർ കത്ത്.

<u>ഉത്തരവ്</u>

മഞ്ചേരി സെൻട്രൽ ഏരിയ ഡി.ടി.പി സ്കീമിൽ ഉൾപ്പെട്ട, മഞ്ചേരി- നിലമ്പൂർ റോഡ് ഗതാഗതക്കുരുക്ക് കാരണം വീർപ്പുമുട്ടുന്നതിനാലും ഡിടിപി സ്കീം പ്രകാരം ടി റോഡിന് 20 മീ. വൈഡനിംഗ് പ്രൊപ്പോസൽ നിലവിലുള്ളതിനാലും ടി റോഡ് വീതി കൂട്ടുന്നതിന് സ്ഥലം വിട്ടുനൽകാമെന്ന് ഭൂഉടമകൾ സമ്മതിച്ചിട്ടുള്ള സാഹചര്യത്തിൽ, ഇപ്രകാരം സ്ഥലം സൗജന്യമായി വിട്ടുകൊടുത്തവരുടെ ശേഷിക്കുന്ന സ്ഥലത്തെ നിർമ്മാണത്തിന് ഇളവുകൾ നൽകുന്നതിന് 2019 ലെ കേരളാ മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം അധ്യായം X ലെ ചട്ടം 65 പ്രകാരമുള്ള സ്പെഷ്യൽ കമ്മിറ്റി രൂപീകരിക്കണമെന്നാവശ്യപ്പെട്ട്, മഞ്ചേരി നഗരസഭ സെക്രട്ടറി പരാമർശം (2) പ്രകാരം ശുപാർശ സമർപ്പിച്ചിരുന്നു. ഈ വിഷയത്തിൽ മഞ്ചേരി നഗരസഭ കൗൺസിൽ പരാമർശം (1) പ്രകാരം തീരുമാനം കൈക്കൊണ്ടിരുന്നു.

2. ഈ വിഷയത്തിൽ, 2019 ലെ കേരളാ മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം 65 പ്രകാരം ഉചിതമായ നടപടി സ്വീകരിക്കാൻ പരാമർശം (3) പ്രകാരം ചീഫ് ടൗൺ പ്ളാനർ ശുപാർശ ചെയ്തിട്ടുണ്ട്.

3. 2019 ലെ കേരളാ മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം 65 ലെ വ്യവസ്ഥകൾ പ്രകാരം മഞ്ചേരി നഗരസഭയിൽ റോഡു വികസനത്തിനായി സൗജന്യമായി സ്ഥലം നൽകിയവർക്കുള്ള ശേഷിക്കുന്ന സ്ഥലത്തെ നിർമ്മാണപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട്, ഇളവുകൾ അനുവദിക്കുന്നതിനായി, മഞ്ചേരി നഗരസഭ സമർപ്പിച്ച ശുപാർശ പരാമർശം(3) പ്രകാരമുള്ള ചീഫ് ടൗൺ പ്ളാനറുടെ അഭിപ്രായത്തിന്റെ വെളിച്ചത്തിൽ സർക്കാർ വിശദമായി പരിശോധിച്ചു.

4. കേരളാ മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം 2019, അധ്യായം X ലെ ചട്ടം 65 പ്രകാരം മഞ്ചേരി സെൻട്രൽ ഏരിയ ഡി.ടി.പി സ്കീമിൽ ഉൾപ്പെട്ട, മഞ്ചേരി- നിലമ്പൂർ റോഡ് വീതി കൂട്ടുന്നതിന് സ്ഥലം സൗജന്യമായി വിട്ടുകൊടുത്തവരുടെ ശേഷിക്കുന്ന സ്ഥലത്തെ നിർമ്മാണത്തിന് ഇളവുകൾ നൽകുന്നതിന് ചുവടെപ്പറയുന്ന ഘടന പ്രകാരമുള്ള ഒരു സ്പെഷ്യൽ കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സ്പെഷ്യൽ കമ്മിറ്റിയുടെ ഘടന**

| | |
|---|---|
| ചെയർമാൻ | ചെയർമാൻ/ചെയർ പേഴ്സൺ, മഞ്ചേരി നഗരസഭ |
| മെമ്പർ | ജില്ലാ ടൗൺ പ്ലാനർ, മലപ്പുറം |
| മെമ്പർ | എക്സിക്യൂട്ടീവ് എഞ്ചിനീയർ(Roads), പി.ഡബ്ളിയൂ.ഡി, മഞ്ചേരി |
| മെമ്പർ | എക്സിക്യൂട്ടീവ് എഞ്ചിനീയർ(Buildings), പി.ഡബ്ളിയൂ.ഡി, മലപ്പുറം |
| മെമ്പർ | സെക്രട്ടറി, മഞ്ചേരി നഗരസഭ |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
H MUHAMMED FAISAL
ഡെപ്യൂട്ടിസെക്രട്ടറി

ഉത്തരവിൻ പ്രകാരം

Signed by
Suja S K
Date: 12-09-2023 14:18:03
സെക്ഷൻ ഓഫീസർ

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്,സ്വരാജ് ഭവൻ,തിരുവനന്തപുരം.
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.
ജില്ലാ ടൗൺ പ്ലാനർ, മലപ്പുറം.
ഡയറക്ടർ, തദ്ദേശസ്വയംഭരണ(അർബൻ) വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് എഞ്ചിനീയർ(Roads), പി.ഡബ്ളിയൂ.ഡി, മഞ്ചേരി .
എക്സിക്യൂട്ടീവ് എഞ്ചിനീയർ(Buildings), പി.ഡബ്ളിയൂ.ഡി, മലപ്പുറം.
സെക്രട്ടറി, മഞ്ചേരി നഗരസഭ .
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.